"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ഇടുക്കി ഉടുമ്പൻചോല സർക്കാർ ആയുർവേദ കോളേജിലെ പ്രസൂതി തന്ത്ര വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തിക അസിസ്റ്റന്റ് പ്രൊഫസർ തസ്തികയായി ഡൗൺഗ്രേഡ് ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.124/2026/AYUSH തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം. 4/2026/ആയുഷ് തീയതി 07.02.2026
2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 12.02.2026 ലെ ഇ1/162/2026/ഡിഎംഇ നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ഉടുമ്പൻചോല സർക്കാർ ആയുർവേദ കോളേജിലെ പ്രസൂതിതന്ത്ര വകുപ്പിൽ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തിക സൃഷ്ടിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇപ്രകാരം അനുവദിച്ചിട്ടുള്ള പ്രസൂതിതന്ത്ര വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഉടൻ സ്ഥാനക്കയറ്റം നടത്തി നിയമനം നല്കുന്നതിന് യോഗ്യത കൈവരിച്ച അസിസ്റ്റന്റ് പ്രൊഫസർമാർ നിലവിൽ ഇല്ലെന്നും ഈ വകുപ്പിന് കീഴിലുള്ള പ്രസൂതിതന്ത്ര വകുപ്പിലെ അദ്ധ്യാപക വിതാനം പരിശോധിക്കുമ്പോൾ പ്രൊമോഷന് യോഗ്യത നേടുന്നതിന് മിനിമം രണ്ടര വർഷമെങ്കിലും വേണ്ടിവരുമെന്ന് വിലയിരുത്തിയതായും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

ഇടുക്കി ഉടുമ്പൻചോല സർക്കാർ ആയുർവേദ കോളേജിൽപുതുതായി അനുവദിക്കപ്പെട്ട പ്രസൂതിതന്ത്ര വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തിക താൽകാലികമായി ഡൗൺഗ്രേഡ് ചെയ്യുകയാണെങ്കിൽ ആശുപത്രി ഒ. പി വിഭാഗത്തിന് തസ്തികകൾ അനുവദിച്ചത് കൊണ്ട് ഉദേശിച്ച ഫലം ഉടൻ ലഭ്യമാവുമെന്നും കോളേജിന്റെ പ്രവർത്തനം (കോഴ്സുകളുടെ

നടത്തിപ്പ്) ആരംഭിക്കുന്ന ഘട്ടത്തിൽ നിലവിലുള്ള അദ്ധ്യാപകർ യോഗ്യത കൈവരിക്കുകയും ഡൗൺഗ്രേഡ് ചെയ്യപ്പെട്ട തസ്തിക upgrade ചെയ്യുകയും ചെയ്യുന്നതോടെ ശാശ്വത പരിഹാരമാവുകയും ചെയ്യുമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ഉടുമ്പൻചോല സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിലെ പ്രസൂതി തന്ത്ര വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തിക താൽക്കാലികമായി ഡൗൺഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ , നാഷണൽ ആയുഷ് മിഷൻ , തിരുവനന്തപുരം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള ,തിരുവനന്തപുരം

ധനകാര്യ വകുപ്പ് (U.O (F) No. 3430829/HLT-B1/27/2026-FIN തീയതി 23.02.2026

ആയുഷ് (ബി/സി) വകുപ്പ്

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 05-03-2026 12:04:46

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്